# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2710  10.12.2014-ൽ മറുപടിയ്ക്ക്**

**പുലമൺ തോട് നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് എന്നാണ്; കരാർ തുക എത്രയാണ്; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് 03/12/2013-ലാണ്.<br>കരാർ തുക 2,98,10,331/- രൂപ |
| (ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ്; | (ബി) കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ 12/12/2013-ന് സൈറ്റ് ഏറ്റെടുത്തു. |
| (സി) നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിൽ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) അതിപ്രധാന ജലസ്രോതസ്സായ പുലമൺതോടിന്റെ നവീകരണം പൂർണ്ണമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) 12/12/2013-ൽ സൈറ്റ് കരാറുകാരൻ ഏറ്റെടുത്ത് പണി തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുരോഗതി കുറവാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയ ബന്ധിതമായി പണി പൂർത്തീകരിക്കാൻ കരാറുകാരന് ആവർത്തിച്ച് നിദ്ദേശം നൽകിയിട്ടും പുരോഗതി ഉണ്ടാകാത്തതിനാൽ 08/10/2014-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കരാർകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും, വിഭാവനം ചെയ്ത രീതിയിൽ തന്നെ പണി തീർക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അത് അനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിച്ച് വരുകയും ചെയ്തു വരുന്നു. പണി തീർക്കുവാൻ വേണ്ട തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**